(ബി) നെന്മാറ അസംബ്ലി മണ്ഡലത്തിൽ എസ്.ഡി.എഫ്. - എം.എൽ.എ. പദ്ധതികളിൽ ഉൾപ്പെടുത്തി ആകെ 13 പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചു അതിൽ രണ്ട് പ്രവൃത്തികൾ മാത്രമാണ് ഇനി പൂർത്തീകരിക്കുവാനുള്ളത്. 1. വടവന്നൂർ ഗ്രാമപഞ്ചായത്ത് കാരപ്പറമ്പ് കടിവെള്ള പദ്ധതി, 2. തേവർക്കാട് - മരുതംപാടം കുടിവെള്ള പദ്ധതി. ഇതിൽ വടവന്നൂർ ഗ്രാമപഞ്ചായത്ത് കാരപ്പറമ്പ് കുടിവെള്ള പദ്ധതിയുടെ പമ്പ് ഹൗസ് സ്ഥാപിച്ച് പവർ കണക്ഷൻ ലഭിക്കേണ്ടതായിട്ടുണ്ട്. വടവന്നൂർ ഗ്രാമപഞ്ചായത്ത് തേവർക്കാട് -മരുതംപാടം കുടിവെള്ള പദ്ധതിയുടെ 300 മീറ്റർ പൈപ്പ് ലൈൻ ഇടേണ്ടതായിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രവൃത്തികൾ 2016 ജനുവരി മാസത്തോടുകൂടി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

താനൂർ സമഗ്ര കുടിവെള്ള പദ്ധതി

251(940) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ മണ്ഡലത്തിലെ അഞ്ചുപഞ്ചായത്തുകൾ കേന്ദ്രീകരിച്ച് നടപ്പാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ നിലവിൽ ഏതു ഘട്ടത്തിലാണ് ; വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്നും എന്നത്തേക്കു പ്രവൃത്തി ആരംഭിക്കാനാകുമെന്നും വിശദമാക്കാമോ ?

ഉത്തരം

(എ&ബി) താനൂർ മണ്ഡലത്തിലെ ചെറിയമുണ്ടം, പൊൻമുണ്ടം, താനൂർ, താനാളൂർ, നിറമരുതൂർ എന്നീ പഞ്ചായത്തുകളിലേക്ക് കുടിവെള്ളം എത്തിക്കുന്നതിനുള്ള സമഗ്ര പദ്ധതിക്കുവേണ്ടിയുള്ള എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. പദ്ധതിക്ക് 7250 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇതിന്റെ ശുദ്ധീകരണ ശാലയ്ക്കുവേണ്ടി ചെറിയമുണ്ടം പഞ്ചായത്തിൽ ഒന്നര ഏക്കർ സ്ഥലം കേരള ജല അതോറിറ്റിക്ക് നൽകാൻ പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. തുക വകയിരുത്തിയിട്ടില്ല.

ജപ്പാൻ കുടിവെള്ള പദ്ധതി

252(941) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതി പൂർത്തിയായിട്ടുണ്ടോ ; ഏതെങ്കിലും പ്രവൃത്തി ഇനിയും പൂർത്തിയാക്കേണ്ടതായിട്ടുണ്ടോ ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതി ചെലവ്, ലക്ഷ്യമിട്ട തുക ഇവ എത്രയായിരുന്നുവെന്നും ഇതിനകം എന്ത് തുക ചെലവഴിക്കപ്പെട്ടുവെന്നും പദ്ധതി പൂർത്തിയാക്കുന്നതിന് ഇനിയും എത്ര തുക വേണ്ടി വരുമെന്നും വിശദമാക്കാമോ ;

(സി) പദ്ധതിയുള്ള വായ്പാ തിരിച്ചടവ് എന്ന് മുതൽ ആരംഭിച്ചുവെന്നും എത്ര കോടി രൂപ വീതം പ്രതിവർഷം തിരിച്ചടക്കേണ്ടതുണ്ട്എന്നും വിശദമാക്കാമോ ;

(ഡി) പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട് നിലവിൽ ഏതെല്ലാം ഓഫീസുകൾ പ്രവർത്തിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയിൽ താഴെപ്പറയുന്ന അഞ്ച് ശുദ്ധജല വിതരണ പദ്ധതികൾ ഉൾപ്പെടുന്നു:

1. തിരുവനന്തപുരം നഗരമേഖലയിലെ ശുദ്ധജലവിതരണ പദ്ധതിയുടെ വിപുലീകരണവും പുനരുദ്ധാരണവും.
2. കൊല്ലം ജില്ലയിലെ മീനാട്ടും സമീപ പഞ്ചായത്തുകൾക്കുമായുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതി.
3. ആലപ്പുഴ ജില്ലയിലെ ചേർത്തല മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കുമായുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതി.
4. കോഴിക്കോട് നഗര മേഖലയ്ക്കും സമീപ പഞ്ചായത്തുകൾക്കുമായുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ വിപുലീകരണവും പുനരുദ്ധാരണവും.
5. കണ്ണൂർ ജില്ലയിലെ പട്ടുവത്തിനും സമീപ പഞ്ചായത്തുകൾക്കുമായുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതി.

<u>പദ്ധതികളുടെ ഇപ്പോഴത്തെ സ്ഥിതി</u>

1. <u>തിരുവനന്തപുരം പദ്ധതി</u>: വിതരണ ശൃംഖലയും പുനരുദ്ധാരണ പ്രവർത്തനങ്ങളും ഒഴികെ ബാക്കി പണികൾ പൂർത്തിയായി. പദ്ധതിയിൽ നിന്നുള്ള ജലം 18-5-2010-ൽ ലഭ്യമാക്കിയിട്ടുണ്ട്. വിതരണ ശൃംഖലയിൽ 394 കി. മീ. പൈപ്പ് ലൈനുള്ളതിൽ 91 കി.മീ. പൈപ്പ് ലൈൻ ഇനി ഇടാനുണ്ട്. പുനരുദ്ധാരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
2. <u>മീനാട് പദ്ധതി</u>: വിതരണ ശൃംഖല മാത്രമാണ് ഇനി പൂർത്തിയാക്കുവാനുള്ളത്. വിതരണ ശൃംഖലയിൽ 963 കി.മീ. പൈപ്പ് ലൈനുള്ളതിൽ 174 കി. മീ. പൈപ്പ് ലൈൻ ഇനി ഇടാനുണ്ട്. പദ്ധതി 24-2-2011-ൽ ഭാഗികമായി കമ്മീഷൻ ചെയ്തു. 2016-ഓടുകൂടി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

3. ചേർത്തല പദ്ധതി: പദ്ധതി പൂർത്തിയാക്കി 3-1-2012-ൽ പൂർണ്ണമായും കമ്മീഷൻ ചെയ്തു.

4. കോഴിക്കോട് പദ്ധതി: വിതരണ ശൃംഖലയിൽ 1876 കി.മീ. പൈപ്പ് ലൈനുള്ളതിൽ 695 കി.മീ. ഇനി ബാക്കി ഇടാനുണ്ട്. 27-2-2015-ൽ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്തു. നഗര മേഖലയിൽ ജല വിതരണം ലഭ്യമാക്കിയിട്ടുണ്ട്. നിലവിലുള്ള പദ്ധതിയുടെ പുനരുദ്ധാരണ പ്രവൃത്തികൾ പുരോഗമിക്കുന്നു.

5. പട്ടുവം പദ്ധതി: പദ്ധതി പൂർത്തിയാക്കി ജലവിതരണം നടത്തി വരുന്നു.

(ബി) പദ്ധതിയുടെ അംഗീകൃത മതിപ്പ് ചെലവ് 2987.40 കോടി രൂപയാണ്. 30-9-2015 വരെ 2489 കോടി രൂപ ചെലവായിട്ടുണ്ട്. പദ്ധതിയുടെ പൂർത്തീകരണത്തിനായി 330 കോടി രൂപ കൂടി വേണമെന്ന് കണക്കാക്കുന്നു.

(സി) പദ്ധതിക്കായി മൂന്ന് ഘട്ടങ്ങളായാണ് ജൈക്കയിൽനിന്നും വായ്പ ലഭിച്ചിട്ടുള്ളത്. ഒന്നാംഘട്ട വായ്പ കരാർ 25-2-1997-ലും രണ്ടാം ഘട്ട വായ്പാ കരാർ 30.03.2007-ലും മൂന്നാംഘട്ട വായ്പാ കരാർ 31-3-2009-ലും ഒപ്പുവച്ചു. കേന്ദ്രസർക്കാരും ജപ്പാൻ ബാങ്കും തമ്മിലാണ് കരാർ ഒപ്പിട്ടിട്ടുള്ളത്. പത്ത് വർഷത്തെ ഗ്രേസ് പീരീഡിനുശേഷം ഇരുപത് വർഷംകൊണ്ട് വായ്പ മുഴുവൻ തിരിച്ചടയ്ക്കണം. കേന്ദ്ര സർക്കാരാണ് പലിശ സഹിതം വായ്പ തിരിച്ചടയ്ക്കുന്നത്. പലിശ അർദ്ധവാർഷികമായാണ് നൽകേണ്ടത്. പലിശ നിരക്ക് താഴെ പറയും പ്രകാരമാണ്.

ഒന്നാം ഘട്ടം - 2.1 ശതമാനം

രണ്ടാം ഘട്ടം - 1.3 ശതമാനം

മൂന്നാം ഘട്ടം - 1.2 ശതമാനം

മൂന്നാം ഘട്ട വായ്പയ്ക്ക് 0.1 ശതമാനം കമ്മിറ്റ്മെന്റ് ചാർജ്ജും നൽകേണ്ടതുണ്ട്.

(ഡി) പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് ജൈക്ക ചീഫ് എഞ്ചിനീയറുടെ ഓഫീസ്, പ്രോജക്ട് മാനേജരുടെ ഓഫീസ്, വാളകത്ത് മീനാട് പ്രോജക്ട് ഡയറക്ടറുടെ ഓഫീസ്, കോഴിക്കോട് പ്രോജക്ട് ഡയറക്ടറുടെ ഓഫീസ് എന്നിവ പ്രവർത്തിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly